# മുട്ടുവേദന നിങ്ങളുടെ നിത്യജീവിതത്തിലെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ?




**ചലനശേഷി വീണ്ടെടുത്ത് സാധാരണ ജീവിതം നയിക്കുന്നതിന് നിങ്ങളുടെ ഡോക്ടർക്ക് നിങ്ങളെ സഹായിക്കാനാകും**

കൂടുതൽ അറിയാൻ, വായിക്കുക...



പേഷ്യന്റ് എജൂക്കേഷൻ ബുക്ക്‌ലറ്റ്

# മുട്ട്‌വേദനയും മുട്ട് പൂർണ്ണമായും മാറ്റി വയ്ക്കുന്നതിനുള്ള സർജറിയും



മുട്ട്‌വേദന, ഓസ്റ്റിയോ ആർത്രയ്റ്റീസിന്റെ പ്രധാന ലക്ഷണങ്ങളിൽ ഒന്നായ ഇത് നിങ്ങളുടെ ചലനശേഷി പരിമിത പ്പെടുത്തി നിങ്ങൾ നിത്യപ്രവർത്തികൾ ചെയ്യുന്ന രീതിയെ തന്നെ മാറ്റുന്നു.



മുട്ട് പൂർണ്ണമായും മാറ്റിവയ്ക്കുന്ന സർജറിയിൽ സമീപ കാലത്തുണ്ടായ മുന്നേറ്റം നിങ്ങളുടെ മുട്ടിന്റെ പ്രവർത്തനം പൂർവസ്ഥിതിയിലാക്കാൻ സഹായിച്ച് നിങ്ങളുടെ ജീവിതത്തിലെ നിത്യപ്രവർത്തനങ്ങളെ ചെയ്യാൻ പ്രാപ്തരാക്കുന്നു, വളരെ സൗകര്യപ്രദമായ രീതിയിൽ, പ്രത്യേകിച്ച് മുട്ട് മടക്കേണ്ട ആവശ്യമുള്ളവർക്ക്.

ഓസ്റ്റിയോ ആർത്രയ്റ്റീസിന്റെ അടിസ്ഥാനങ്ങൾ മനസ്സിലാക്കാൻ ഈ ബുക്ക്‌ലറ്റ് സഹായിക്കും, ഉപയോഗ പ്രദമായ വിവരങ്ങളും ഇത് നൽകുന്നു. ബ്യൂകെൽ-പപ്പാസ് മുട്ട് പൂർണ്ണമായും മാറ്റിവയ്ക്കുന്ന സിസ്റ്റത്തിന്റെ ചെറിയൊരു പശ്ചാത്തലവും നിങ്ങളുടെ മുട്ടിന്റെ പ്രവർത്തനം വീണ്ടെടുക്കാൻ സഹായിക്കുന്നതിന് ഇത് എങ്ങനെ പ്രവർത്തിക്കുന്നുവെന്നും വിശദമാക്കുന്നു.

മുട്ട് വേദന


## എന്താണ് ആർത്രയ്റ്റീസ് ?



100ൽ പരം മെഡിക്കൽ അവസ്ഥകളുടെ ഒരു ഗ്രൂപ്പിന് ഉപയോഗിക്കുന്ന പദമാണ് ആർത്രയ്റ്റീസ്. ലോകത്ത് ലക്ഷക്കണക്കിന് ആളുകളെ ഇത് ബാധിക്കുന്നു. എന്നാൽ ഏറ്റവും സാധാരണമായ ആർത്രയ്റ്റീസ് ഓസ്റ്റിയോആർത്രയ്റ്റീസാണ് (OA). 50 വയസ് കഴിഞ്ഞവരിൽ ഇത് കാണപ്പെടുന്നു.

## എന്താണ് ഓസ്റ്റിയോആർത്രയ്റ്റീസ്?

ഓസ്റ്റിയോആർത്രയ്റ്റീസ് എന്നാൽ കാർട്ടിലേജിന്റെ (മുട്ടിലെ എല്ലുകൾ പരസ്പരം ഉരയാതെ സന്ധികളുടെ ചലനം സുഗമമാക്കാൻ എല്ലുകളുടെ അറ്റത്ത് കുഷ്യൻ പോലെ പ്രവർത്തിക്കുന്ന ഭാഗം) പ്രവർത്തനക്ഷമത പോകലാണ്. കാർട്ടിലേജ് പ്രവർത്തന രഹിതമാകുമ്പോൾ, എല്ലുകൾ പരസ്പരം ഉരയാൻ തുടങ്ങുന്നു. വേദനയും മുറുക്കവും മൂലം ആ സന്ധി ഉപയോഗിക്കുന്നത് വിഷമകരമാക്കുന്നു. ഓസ്റ്റിയോആർത്രയ്റ്റീസ് ലിഗാമെന്റുകൾ (ഒരു ജോയ്ന്റിൽ രണ്ട് എല്ലുകളെ ബന്ധിപ്പിക്കുന്ന ടിഷ്യൂ), മെനിസ്കെ (ജോയ്ന്റിലെ കാവിറ്റിയെ വേർത്തിരിക്കുന്ന ഘടകം), മസിലുകൾ എന്നിവയേയും കേടുവരുത്തുന്നു.



## സാധാരണമായി ഓസ്റ്റിയോആർത്രയ്റ്റീസ് ബാധിക്കുന്ന സന്ധികൾ ഏതൊക്കെയാണ്?

ഇത് ഏറ്റവും ബാധിക്കുന്നത് കാൽമുട്ടിനെയാണ്. കുറവാണെങ്കിലും, എടുപ്പിലും ചുമലിലും ഉണ്ടാകാം. മറ്റ് സന്ധികളെ ഓസ്റ്റിയോ ആർത്രയ്റ്റീസ് അപൂർവമായേ ബാധിക്കൂ, പരിക്കിന്റെ ഫലമായി അല്ലെങ്കിൽ അസാധാരണമായ ശാരീരിക സമ്മർദ്ദം എന്നിവ ഒഴിച്ച്.

## കാൽമുട്ടിലെ ഓസ്റ്റിയോആർത്രയ്റ്റീസ്

### കാൽമുട്ടിനെ ബാധിക്കുന്ന ഓസ്റ്റിയോ ആർത്രയ്റ്റീസിന്റെ അടയാളങ്ങളും ലക്ഷണങ്ങളും എന്തൊക്കെയാണ്?



ഇത് ബാധിച്ചാൽ മുട്ടിന് മുറുക്കവും രാവിലെ അല്ലെങ്കിൽ അവ ഉപയോഗിക്കുമ്പോഴും ഉപയോഗ ശേഷവും വേദനയും ഉണ്ടാകുന്നു. പ്രവർത്തിപ്പിക്കാത്തതിനാൽ അവ ഉറച്ചതുമാകുന്നു! മുട്ടിൽ വീക്കവും ചൂട് അനുഭവപ്പെടലും

സാധാരണമാണ്. നടക്കാൻ, പടി കയറാൻ, കസേരയിൽ നിന്ന് അല്ലെങ്കിൽ കാറിൽ നിന്ന് ഇറങ്ങാൻ ബുദ്ധിമുട്ടുണ്ടാകും.

## മുട്ടിലെ ഓസ്റ്റിയോആർത്രയ്റ്റീസ് പ്രായവുമായി ബന്ധപ്പെട്ടതാണോ?

ആവണമെന്നില്ല; ഓസ്റ്റിയോആർത്രയ്റ്റീസ് രണ്ട് തരത്തിലുണ്ട് - പ്രൈമറിയും സെക്കന്ററിയും. പ്രൈമറി ഓസ്റ്റിയോആർത്രയ്റ്റീസ് പൊതുവെ പ്രായവുമായി ബന്ധപ്പെട്ടതാണ്. 50 വയസ് കഴിഞ്ഞവരിൽ കാണപ്പെടുന്നു. സെക്കന്ററി ഓസ്റ്റിയോആർത്രയ്റ്റീസ്, മറിച്ച്, ജീവിതത്തിന്റെ ആദ്യ കാലത്ത് തുടങ്ങുന്നു, പരിക്ക് അല്ലെങ്കിൽ അമിത വണ്ണം പോലുള്ള പ്രത്യേക കാരണത്തെ തുടർന്ന് ഏകദേശം 10 വർഷം കഴിഞ്ഞ്.

## ഓസ്റ്റിയോആർത്രയ്റ്റീസ് എങ്ങനെ നിങ്ങളുടെ ജീവിതരീതിയെ പ്രതികൂലമായി ബാധിക്കുന്നു?

ഇത് ബാധിച്ച മുട്ടിലെ വേദനയും മുറുക്കവും കാരണം നടപ്പ്, പടികയറൽ, ദിനചര്യകൾ, ജോലി ചെയ്യൽ, കായിക വിനോദം എന്നിവക്കെല്ലാം ബുദ്ധിമുട്ടുണ്ടാകുന്നു. ഇത്തരം അവസ്ഥ, ഇത് നിങ്ങളെ എങ്ങനെ ബാധിക്കുന്നു, ഇതുമായി എങ്ങനെ ജീവിക്കാം എന്നതിനെ കുറിച്ച് അറിയുന്നത് പ്രധാനമാണ്.



## മുട്ടിലെ ഓസ്റ്റിയോആർത്രയ്റ്റീസിനുള്ള ചികിത്സകൾ


മുട്ടിലെ ഓസ്റ്റിയോആർത്രയ്റ്റീസ് ചികിത്സയുടെ പ്രാഥമിക ലക്ഷ്യം വേദന അകറ്റലും ചലനശേഷി വീണ്ടെടുക്കലുമാണ്. ചികിത്സയുടെ പ്രാഥമിക ഘട്ടത്തിൽ ഉൾപ്പെടുന്നവ ശരീരഭാരം കുറയ്ക്കൽ, വ്യായാമം, വേദനക്ക് ആശ്വാസമേകുന്ന മരുന്നുകൾ, തിരുമ്മൽ എന്നിവയാണ്. എന്നാൽ ചലനശേഷിയെ കാര്യമായി ബാധിച്ചിട്ടുണ്ടെങ്കിൽ, മുട്ട് പൂർണ്ണമായും മാറ്റിവയ്ക്കാനുള്ള സർജറി ഡോക്ടർ ഉപദേശിച്ചേക്കാം.

# മുട്ട് പൂർണ്ണമായും മാറ്റിവയ്ക്കാനുള്ള സർജറി (TKR)

ടോട്ടൽ നീ ആർത്രോപ്ലാസ്റ്റി (TKA) എന്നായും അറിയപ്പെടുന്നത്, മുട്ടിലെ തേഞ്ഞുപോയ പ്രതലങ്ങൾക്ക് പകരം സാധാരണ മുട്ടിന്റെ ചലനാത്മകതയും സ്ഥിരതയും അനുവദിക്കുന്ന രീതിയിൽ ഡിസൈൻ ചെയ്ത കൃത്രിമ മുട്ട് സന്ധി (ഇംപ്ലാന്റ്) ഘടിപ്പിക്കുന്നു.

## ആർക്കാണ് മുട്ട് മാറ്റിവയ്ക്കൽ സർജറി ആവശ്യമായിട്ടുള്ളത്?

മുട്ടിൽ ഓസ്റ്റിയോആർത്രയ്റ്റീസ് ബാധിച്ച രോഗികൾക്കാണ് മുട്ട് മാറ്റിവയ്ക്കൽ സർജറി ആവശ്യമായിട്ടുള്ളത്. ഇവരിൽ സർജറി ആവശ്യമാകുന്നതിനുള്ള കാരണങ്ങൾ വേദന അസഹനീയമാകൽ, കഠിനമായ വൈകല്യം, രോഗിയുടെ നിത്യജീവിതത്തിലെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കൽ എന്നിവയാണ്.




## എന്തൊക്കെയാണ് മുട്ട് മാറ്റിവയ്ക്കൽ സർജറിയുടെ പ്രയോജനങ്ങൾ?

മുട്ട് മാറ്റിവയ്ക്കലിന്റെ പ്രധാന പ്രയോജനം വേദനയിൽ നിന്നുള്ള ആശ്വാസമാണ്. കൂടാതെ വൈകല്യത്തെ മാറ്റുന്നു, ചലനാത്മകതയും സന്ധി സ്ഥിരതയും വീണ്ടെടുക്കുന്നു.

മുട്ട് മാറ്റിവയ്ക്കലിന് ശേഷമുള്ള മുട്ടിന്റെ അയവാവസ്ഥക്ക് (മടക്കാനുള്ള കഴിവ്) എല്ലിന്റെ ഗുണമേന്മ, ലിഗാമെന്റുകളുടെ അവസ്ഥയും ബലവും, ശരീര ഭാരത്തിന്റെ അളവ്, ഉപയോഗിച്ച ഇംപ്ലാന്റിന്റെ തരം, സർജറിക്ക് ശേഷമുള്ള പുനരധിവാസം (ഉഴിച്ചിൽ) എന്നിവയെ ആശ്രയിച്ച് മാറ്റമുണ്ടാകാം.

## നിത്യ ജീവിതത്തിലെ പ്രവർത്തനങ്ങളിൽ പ്രതീക്ഷിക്കാവുന്ന മെച്ചപ്പെടലുകൾ എന്തൊക്കെയാണ്?

മുട്ട് മാറ്റിവച്ച ഭൂരിപക്ഷം രോഗികൾക്കും അവരുടെ നിത്യജീവിതത്തിലെ മിക്ക പ്രവർത്തികളും ചെയ്യാനാകും. മിക്ക രോഗികൾക്കും എന്തെങ്കിലും സഹായം കൂടാതെ നടക്കാം. എന്നാൽ പ്രായമായ രോഗികൾ ഒരു പിൻബലത്തിനായി വടി ഉപയോഗിക്കേണ്ടി വരും. രോഗികൾക്ക് കോണി കയറാം, പടികൾ കയറാം, കസേരയിൽ ഇരിക്കാം, എഴുന്നേൽക്കാം.

## സർജറിക്ക് ശേഷം എത്രനാൾ ആശുപത്രിയിൽ കിടക്കേണ്ടി വരും ?

മുട്ട് മാറ്റിവയ്ക്കൽ സർജറിക്ക് ശേഷം 3 മുതൽ 5 ദിവസം വരെ ആശുപത്രിയിൽ കിടക്കേണ്ടി വരും.

## രക്തം കരുതേണ്ട ആവശ്യമുണ്ടോ?

മുട്ട് മാറ്റിവയ്ക്കൽ സർജറിക്ക് സാധാരണമായി രക്തം നൽകേണ്ട ആവശ്യമില്ല. അപൂർവ സന്ദർഭങ്ങളിൽ ആവശ്യമാണെങ്കിൽ, സർജൻ മുൻകൂട്ടി അറിയിക്കും, അത് ഒരുക്കാൻ ഹോസ്പിറ്റൽ സഹായിക്കുന്നതാണ്.

## സർജറിക്ക് ശേഷം എത്രകാലം തിരുമ്മൽ ആവശ്യമായി വരും?

സർജറിയെ തുടർന്ന്, വീട്ടിലോ തിരുമ്മൽ സൗകര്യമുള്ള സ്ഥലത്തോ ഏകദേശം 10 ദിവസം തിരുമ്മൽ വേണ്ടിവരും. അതിന് ശേഷം, തിരുമ്മൽ വിദഗ്ദൻ നിങ്ങളെ ഒന്നോ രണ്ടോ മാസത്തേക്ക് ഒരു ഔട്ട്പേഷ്യന്റ് ഫിസിയോതെറാപ്പി സൗകര്യമുള്ള സ്ഥലത്തേക്ക് പോകാൻ ഉപദേശിക്കും.

## പൂർണ്ണമായും ഭേദമാകാൻ എത്ര നാൾ വേണം?

പൂർണ്ണമായും ഭേദമാകാൻ 2 മുതൽ 3 വരെ മാസമാകും. അതിന് ശേഷം സർജന്റെ ഉപദേശ പ്രകാരം രോഗിക്ക്കളിക്കാം, സൈക്കിൾ ചവിട്ടാം, നീന്താം, കാർ ഓടിക്കാം, ലൈംഗിക പ്രവർത്തനത്തിൽ ഏർപ്പെടാം.



ബാധിച്ച മുട്ട്



മാറ്റിവച്ച മുട്ട്

## മുട്ട് മാറ്റിവയ്ക്കൽ സർജറിക്ക് ശേഷം എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

മുട്ട് മാറ്റിവച്ചശേഷം, ദിനചര്യ എന്ന നിലക്ക് ചാട്ടം, ഓട്ടം പോലെയുള്ളവ ആവർത്തിച്ച് ചെയ്യുന്നത് ഒഴിവാക്കണം. ഇങ്ങനെ ചെയ്താൽ അത് മുട്ടിന് ആവശ്യമില്ലാത്ത ആയാസം കൊടുത്ത് കൃത്രിമ സന്ധിയുടെ ആയുസ് കുറയ്ക്കാൻ കാരണമാകും. വെസ്റ്റേൺ സ്റ്റയിലുള്ള ടോയ്‌ലറ്റ് ഉപയോഗിക്കണം. നിത്യേനയുള്ള പ്രവർത്തികൾ ചെയ്യുമ്പോൾ തിരുമ്മൽ വിദഗ്ദൻ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പിൻതുടരേണ്ടതും പ്രധാനമാണ്.

## മാറ്റിവച്ച മുട്ട് എത്ര കാലം ഈട് നിൽക്കും?

ഇപ്പോൾ ലഭിക്കുന്ന ജോയ്ന്റ് ഇംപ്ലാന്റുകൾ 25 വർഷം അല്ലെങ്കിൽ അതിൽ കൂടുതൽ കാലം ഈട് നിൽക്കുന്ന വിധമാണ് രൂപകല്പന ചെയ്യിരിക്കുന്നത്. എന്നാൽ എല്ലിന്റെ ഗുണനിലവാരം, ശരീരഭാരം, സർജറിക്ക് ശേഷം രോഗിയുടെ ജീവിത രീതി എന്നിവയെ ആശ്രയിച്ച് ഇംപ്ലാന്റിന്റെ യഥാർഥ ഈട് മാറിയേക്കാം.

# ആൾട്ടിയസ്™

# ബ്യൂകെൽ-പപ്പാസ്™

**മൊബൈൽ ബെയറിങ്ങ് മുട്ട് മാറ്റിവയ്ക്കൽ സിസ്റ്റം**

**3-ാം തലമുറ ന്യൂ ജെർസി മുട്ട്** എന്നായും അറിയപ്പെടുന്നത്



ഈ സിസ്റ്റം സംയുക്തമായി വികസിപ്പിച്ചത്


**ഡോക്ടർ ഫ്രഡറിക് F ബ്യൂകെൽ**
മുട്ട് മാറ്റിവയ്ക്കൽ മേഖലയിൽ ഗവേഷണം, വികസനം നടത്തുന്ന പ്രശസ്ത ഓർത്തോപീഡിക് സർജൻ

&

**ഡോക്ടർ മൈക്കിൾ J പപ്പാസ്**
മെക്കാനിക്കൽ എഞ്ചിനിയറിങ്ങ് പ്രൊഫസറും അത്യാധുനിക ഡിസൈനിങ്ങിൽ അന്തർദ്ദേശീയ അംഗീകാരമുള്ള വിദഗ്ദനും

**ന്യൂ ജെർസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി**





# ആൾട്ടിയസ്™

# ബ്യൂകെൽ-പപ്പാസ്™

**മൊബൈൽ ബെയറിങ്ങ് മുട്ട് മാറ്റിവയ്ക്കൽ സിസ്റ്റം**

**3-ാം തലമുറ ന്യൂ ജർസി മുട്ട്**

## ഉയർന്ന അയവുള്ള ഡിസൈൻ

- 162 ഡിഗ്രി വരെ ചലിപ്പിക്കാനുള്ള കഴിവ്

## എല്ല് മുറിക്കുന്നത് വളരെ പരിമിതം

- സ്വാഭാവിക എല്ല് പരമാവധി നിലനിർത്തുന്നു

## ടിബിയൽ സ്റ്റോപ്പർ പിൻ

- സ്ഥാനചലനം ഇല്ല
- സ്ഥാനചലനത്താൽ വീണ്ടും സർജറി ആവശ്യമാകുന്നത് വളരെ അപൂർവം

## നന്നായി ഇണങ്ങിച്ചേരലും പ്രവർത്തനവും

- പരമാവധി സ്ഥിരത

## ബന്ധപ്പെടുന്നതിലെ ആയാസം കുറവ്

- പരമാവധി ആയുസ്

## മൊബൈൽ ബെയറിങ്ങ്

- എല്ലാ പ്രായത്തിലുള്ള രോഗികൾക്കും സജീവമായ ജീവിതത്തിന് വഴിയൊരുക്കുന്നു
- കാല് മടക്കി ഇരിക്കുന്നതും സാധ്യമാണ്



ആൾട്ടിയസ്™
ബ്യൂകെൽ-പപ്പാസ്™
റെഗുലർ



ആൾട്ടിയസ്™
ബ്യൂകെൽ-പപ്പാസ്™
ഗോൾഡ്

നിങ്ങളിൽ എത്തിക്കുന്നത്

എജുക്കേഷൻ സെൽ
**ബ്യൂകെൽ-പപ്പാസ്™**

TTK ഹെൽത്ത്കെയർ ലി., ഓർത്തോ ഡിവിഷൻ
ശ്രേഷ്ഠ പിനാക്കിൾ, നം. 39, ഒലിവർ റോഡ്,
മൈലാപ്പൂർ, ചെന്നൈ - 600 004. ഫോൺ: 044-24980532/24990343

rhfactor.co.in

കൂടുതൽ വിവരങ്ങൾക്ക്, ഞങ്ങളുടെ വെബ്സൈറ്റ് ***www.buechelpappas.com*** സന്ദർശിക്കുക